(സി) ഇല്ല. ഉൽപ്പാദന മേഖലയുടെ സ്ഥായിയായ വളർച്ചയ്ക്ക് മുൻഗണന നൽകിക്കൊണ്ട് ഭക്ഷ്യവിളകൾ, പാൽ, മുട്ട മാംസം, മത്സ്യം എന്നിവയുടെ ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനും ഉൽപ്പന്നങ്ങളുടെ സംസ്കരണം, വിപണനം എന്നിവയ്ക്ക് മുന്തിയ പരിഗണന നൽകിക്കൊണ്ടുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കൃഷി, മൃഗസംരക്ഷണം എന്നീ മേഖലകളിൽ ആവശ്യാനുസരണം ഫണ്ട് വിനിയോഗം നടന്നിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ

25 (*145) ശ്രീ. ടി. വി. രാജേഷ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എപ്പോൾ ; 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കെൽട്രോണിൽ നിന്നും ഇൻഫർമേഷൻ കിയോസ്കുകൾ വാങ്ങി സ്ഥാപിക്കണമെന്നും വിലയായ 1,28,000 രൂപ കിയോസ്ക് സ്ഥാപിച്ച് ഒരാഴ്ചക്കകം കെൽട്രോണിന് നേരിട്ട് നൽകേണ്ടതാണെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നോ ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം കെൽട്രോണിൽ നിന്നും എത്ര കിയോസ്കുകൾ പഞ്ചായത്തുകൾ വാങ്ങുകയുണ്ടായി ;

(സി) കെൽട്രോൺ ഉല്പാദിപ്പിച്ചതാണോ കിയോസ്കുകൾ ; അല്ലെങ്കിൽ ഏത് സ്ഥാപനമാണ് അവ തയ്യാറാക്കിയിട്ടുണ്ടായിരുന്നത് ;

(ഡി) കിയോസ്കുകൾ സ്ഥാപിക്കുന്നതിന് ടെണ്ടറിലൂടെ ഏജൻസിയെ കണ്ടെത്താതിരുന്നത് എന്തുകൊണ്ട് ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ഗ്രാമപഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് 22-7-2015-ലെ സ.ഉ.(കൈ) നമ്പർ 241/2015/തസ്വഭവ ഉത്തരവുപ്രകാരം തീരുമാനിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വ്യവസ്ഥകൾക്ക് വിധേയമായി കെൽട്രോണിൽനിന്നും ഇൻഫർമേഷൻ കിയോസ്കുകൾ വാങ്ങി സ്ഥാപിക്കണമെന്നും വിലയായ 1,28,000 രൂപ കിയോസ്ക് സ്ഥാപിച്ച് ഒരാഴ്ചക്കകം കെൽട്രോണിന് നേരിട്ട് നൽകേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഉത്തരവുപ്രകാരം കെൽട്രോണിൽ നിന്നും കിയോസ്കുകൾ ഒന്നുംതന്നെ പഞ്ചായത്ത് വാങ്ങിയിട്ടില്ല.

(സി) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

(ഡി) പൊതുമേഖലാ സ്ഥാപനമായതിനാൽ കെൽട്രോണിൽനിന്നും വാങ്ങുവാൻ നിർദ്ദേശിക്കുകയാണുണ്ടായത്. കമ്പ്യൂട്ടർ, പ്രൊജക്ടർ, മറ്റ് ഐ.റ്റി. ഉപകരണങ്ങൾ ഇവ കെൽട്രോണിൽനിന്നും വാങ്ങുന്ന രീതി കഴിഞ്ഞ അനേക വർഷമായി നിലവിലുണ്ട്. എന്നാൽ കിയോസ്കുകൾ സ്ഥാപിക്കുന്നതിനായി കെൽട്രോൺ ഇ-ടെണ്ടർ ചെയ്തിരുന്നെങ്കിലും അനുയോജ്യരായ വെണ്ടറെ കിട്ടിയിരുന്നില്ല. തുടർന്ന് വീണ്ടും ഇ-ടെണ്ടർ ക്ഷണിച്ച് തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.

ഇന്ദിരാ ആവാസ് യോജന പദ്ധതി

26 (*146) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന പദ്ധതി നടപ്പാക്കുന്നതിന് സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കാൻ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നുവോ; വ്യക്തമാക്കുമോ ;

(ബി) വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിരുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ;

(സി) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി വായ്പകൾ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ തിരിച്ചടയ്ക്കുന്നുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വായ്പാ തിരിച്ചടവിൽ കടിശ്ശികയുണ്ടോ; വിശദമാക്കുമോ;

(ഡി) വായ്പാ തിരിച്ചടവ് കടിശ്ശിക ഇല്ലാതാക്കാൻ സർക്കാർതലത്തിൽ ഇടപെടൽ നടത്തുമോ; വ്യക്തമാക്കുമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) അതെ. 2011-12 വർഷം മുതൽ ഇന്ദിരാ-ആവാസ് യോജനയുടെ യൂണിറ്റ് കോസ്റ്റ് പട്ടികജാതി, ജനറൽ വിഭാഗങ്ങൾക്ക് രണ്ട് ലക്ഷമായും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2.5 ലക്ഷമായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിരുന്നു. യൂണിറ്റ്

LIBRARY ARCHIVES Kerala Legislative Assembly